പതിനാലാം കേരള നിയമസഭ

**പത്താം സമ്മേളനം**

2/04/2018 ൽ മറുപടിക്ക്

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6091**

**കെൽട്രോണിലെ കരാർ ജീവനക്കാരെ പിരിച്ചുവിടുന്ന നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.പി.കെ.ബഷീർ** | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) കെൽട്രോണിൽ ജോലിക്കുറവ് മൂലം കരാർ ജീവനക്കാരെ കരാർ കാലാവധി തീരുന്ന മുറയ്ക്ക് പിരിച്ചു വിടണമെന്ന് വേജ് റിവിഷൻ ഓർഡർ പ്രകാരം നിർദേശം നൽകിയിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) എങ്കിൽ ഇത്തരത്തിൽ എത്ര കരാർ ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) ബാധകമല്ല. |
| (സി) ജോലി കുറഞ്ഞതിന്റെ പേരിൽ വി.എസ്.എസ്.സി. വേളി യൂണിറ്റിൽ നിന്നും പന്ത്രണ്ട് കെൽട്രോൺ കരാർ ജീവനക്കാർക്ക് കരകുളം യൂണിറ്റിലേക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിൽ എത്ര പേർ അവിടെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും ജോലിയിൽ പ്രവേശിക്കാത്തവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ; | (സി) വി.എസ്.എസ്.സി. വേളി യൂണിറ്റിൽ കെൽട്രോൺ കൈകാര്യം ചെയ്തിരുന്ന റേറ്റ് കോൺട്രാക്ട് വർക്കിന്റെ കാലാവധി അവസാനിക്കാൻ പോകുന്നതിനാൽ 11 കരാർ ജീവനക്കാർക്ക് വർക്ക് അറേഞ്ച്മെന്റിൽ കരകുളം യൂണിറ്റിലേക്ക് മാറ്റം നൽകിയിരുന്നു. മാറ്റം നൽകിയ എല്ലാവരും ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. |
| (ഡി) ഈ പന്ത്രണ്ട്പേരിൽ കരകുളം യൂണിറ്റിൽ ജോലി ചെയ്യാത്തവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) മേൽപ്പറഞ്ഞ 11 ജീവനക്കാർക്കും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ